പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 707 — 28.02.2017-ൽ മറുപടിയ്ക്ക്

## കേരളാ ബാങ്കിന്റെ രൂപീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.വി.വിജയദാസ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരളാ ബാങ്കിന്റെ രൂപീകരണത്തിന് നോട്ട് പ്രതിസന്ധി തടസ്സമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ; | (എ) | കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നോട്ട് പ്രതിസന്ധി ഇപ്രകാരം നിയോഗിച്ച കമ്മിറ്റിയുടെ പ്രവർത്തനത്തിന് തടസ്സമായിട്ടില്ല. |
| (ബി) | കേരളാ ബാങ്ക് രൂപീകരണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും; ഇതു സംബന്ധിച്ച നടപടിക്രമങ്ങളുടെ വിശദ വിവരങ്ങൾ നൽകുമോ; | (ബി) | വിദഗ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ച ശേഷം സർക്കാർ ഇക്കാര്യം പരിശോധിച്ച്, വിദഗ്ധ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച നടപടിക്രമങ്ങൾ നിശ്ചയിക്കുന്നതാണ്. |
| (സി) | നോട്ട് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കേരളാ ബാങ്ക് രൂപീകരണത്തിൽ നിന്ന് സർക്കാർ പിന്നോട്ട് പോയിട്ടുണ്ടോ; വിശദവിവരം നൽകുമോ? | (സി) | നോട്ട് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കേരളാ ബാങ്ക് രൂപീകരണത്തിനായുള്ള പ്രവർത്തനങ്ങളിൽ നിന്നും സർക്കാർ പിന്നോട്ട് പോയിട്ടില്ല. |

സെക്ഷൻ ഓഫീസർ